നമ്പർഇഎക്സ്എച്ച്3/51058/2014/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി 23/07/2014

## സർക്കുലർ

വിഷയം:- പരീക്ഷാഭവൻ - രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ് പ്രവേശനത്തിനുള്ള പരീക്ഷ - 2014 ഡിസംബർ- സംബന്ധിച്ച്

സൂചന:- രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജിൽ നിന്നും 16/07/2014 ലെ EE/03/GEN-ST/132 പ്രകാരം ലഭിച്ച വിജ്ഞാപനം

സൂചന പ്രകാരം ലഭിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു. താങ്കുടെ പരിധിയിൽപ്പെടുന്ന അംഗീകാരമുള്ള എല്ലാ സ്കൂളുകളിലും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായി നൽകേണ്ടതാണ്.

ഡെറാഡൂണിലെ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജിലേയ്ക്ക് 2015 ജൂലൈ മാസത്തിൽ നടക്കുന്ന പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള പരീക്ഷാകമ്മീഷണറുടെ ആഫീസിൽ 2014 ഡിസംബർ മാസം 1,2 തീയതികളിൽ നടത്തുന്നതാണ്. ആൺകുട്ടികൾക്കുമാത്രമാണ് പ്രവേശനത്തിന് അർഹതയുള്ളത്. 01/07/2015 ൽ അഡ്മിഷൻ സമയത്ത് അംഗീകാരമുള്ള ഏതെങ്കിലും വിദ്യാലയത്തിൽ ഏഴാം ക്ലാസിൽ പഠിക്കുകയോ, ഏഴാം ക്ലാസ് പാസായിരിക്കുകയോ വേണം. 02/07/2002 നു മുമ്പോ 01/01/2004 നു ശേഷമോ ജനിച്ചവർ അപേക്ഷിക്കുവാൻ അർഹരല്ല. അപേക്ഷയോടൊപ്പം സ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. അഡ്മിഷൻ നേടിയതിനു ശേഷം ജനനതീയതിയിൽ മാറ്റം അനുവദിക്കുന്നതല്ല.

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ഫാറവും വിവരങ്ങളും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിനായി ജനറൽ വിഭാഗത്തിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് 400/- രൂപക്ക് രജിസ്റ്റേർഡ് പോസ്റ്റിൽ ലഭിക്കുന്നതിനും, 450/- രൂപക്ക് സ്പീഡ് പോസ്റ്റിൽ ലഭിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. എസ് സി/എസ് ടി വിഭാഗത്തിൽ പരീക്ഷ എഴുതുന്ന കുട്ടികൾ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 355/- രൂപക്ക് രജിസ്റ്റേർഡ് പോസ്റ്റിൽ ലഭിക്കുന്നതിനും 405/- രൂപക്ക് സ്പീഡ്

പോസ്റ്റിൽ ലഭിക്കുന്നതിനും ദി കമാൻഡന്റ് , രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ,ഡ്രായർ ബ്രാഞ്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ടെൽ ഭവൻ, ഡെറാഡൂൺ (ബാങ്ക് കോഡ് 01576) എന്ന വിലാസത്തിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് അല്ലെങ്കിൽ www.rimc.gov.in എന്ന വെബ് സൈറ്റിൽ നിന്നും എടുത്ത ചെലാൻ സഹിതം "ദി കമാൻഡന്റ്, രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ - 248003" എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. *കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പരീക്ഷാഭവനിലെ 0471-2546827 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.*

കേരളത്തിലും ലക്ഷദ്വീപിലും ഉള്ള അപേക്ഷകരുടെ പൂരിപ്പിച്ച അപേക്ഷകൾ **30/09/2014** നു മുമ്പായി **സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12** എന്ന വിലാസത്തിൽ താഴെ പറയുന്ന രേഖകൾ സഹിതം അയച്ചുതരേണ്ടതാണ്.

1) ഡെറാഡൂൺ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിച്ച നിർദ്ദിഷ്ട അപേക്ഷാ ഫാറം
2) പാസ്പോർട്ട് വലുപ്പത്തിലുള്ള 3 ഫോട്ടോകൾ ഒരു കവറിൽ ഉള്ളടക്കം ചെയ്തിരിക്കണം.
3) സ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കണം.
4) സ്ഥിരമായ വാസസ്ഥലം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് (State Domicile Certificate) ഹാജരാക്കണം.
5) കുട്ടി നിലവിൽ പഠിക്കുന്ന സ്കൂളിലെ മേലധികാരിയുടെ കത്തും ഫോട്ടോ സാക്ഷ്യപ്പെടുത്തിയതും
6) പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ രണ്ട് പകർപ്പ്.

*താങ്കളുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ നിന്നും ഒരു കുട്ടിയെങ്കിലും പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കേണ്ടതാണ്.*

**(ഒപ്പ്)**
**ജോയിന്റ് കമ്മീഷണർ**

പകർപ്പ്

1) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (വിദ്യാഭ്യാസം)
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും